# സമൂഹ മാധ്യമങ്ങൾ: ഉപയോഗിക്കാനും പഠിപ്പിക്കണം



© Google images



**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com


പത്താം ക്ലാസുകാരിയായ പെൺകുട്ടി സ്കൂൾ യൂണിഫോം അണിഞ്ഞ് നിൽക്കുന്നു. ചുറ്റും കൂടി നിൽക്കുന്ന സുഹൃത്തുക്കളുടെ ആശീർവാദത്തോടെ ഒരു പയ്യൻ അവളെ താലികെട്ടുന്നു. അടുത്തിടെ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ച ഒരു വീഡിയോയിലെ ദൃശ്യങ്ങളാണിത്. കേരളത്തിലെ ഒരു സ്കൂൾ വിദ്യാർത്ഥിനിയെയാണ് ആ വീഡിയോയിൽ നാം കണ്ടത്. അതിന് മുൻപേ തന്നെ മൂന്ന് സ്കൂൾ വിദ്യാർത്ഥിനികൾ ഒരു പാട്ടുമായി എത്തി ഞെട്ടിച്ചിരുന്നു. 'സതീശന്റെ മോനല്ലേടാ നീ'... എന്ന് തുടങ്ങുന്ന പാട്ടിന്റെ അവസാനം അവർ കൂട്ടുകാരിയെ പറ്റിച്ചിട്ടു പോയ പ്രണയിതാവിനെ അസഭ്യം പറയുകയാണ്. വീഡിയോ വൈറലാകുകയും വലിയ വിമർശനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു. ഈ രണ്ടു സംഭവങ്ങളുമായി താരതമ്യപ്പെടുത്താൻ കഴിയില്ലെങ്കിലും മലപ്പുറം ജില്ലയിലെ കിളിനക്കോട് ഒരു വിവാഹ

ച്ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ പെൺകുട്ടികൾ വീഡിയോ ഇട്ടതും ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്. കല്യാണത്തിനെത്തിയ പെൺകുട്ടികൾ തങ്ങൾക്ക് അവിടെ നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ തമാശരൂപത്തിൽ വിവരിക്കുന്നതാണ് വീഡിയോ. ഒപ്പം ആ നാടിനേയും അവിടുത്തെ ചെറുപ്പക്കാരേയും രൂക്ഷമായി വിമർശിക്കുന്നുമുണ്ട് വീഡിയോയിൽ. സോഷ്യൽ മീഡിയയിൽ ഇത് വ്യാപകമായി പ്രചരിച്ചതോടെ മറുപടിയുമായി കിളിനക്കോടെ ചെറുപ്പക്കാരും രംഗത്തെത്തി. പെൺകുട്ടികളെ അനുകൂലിച്ചും പ്രതികൂലിച്ചും പലരും വന്നു. ഈ മൂന്ന് സംഭവങ്ങളിലും പൊതുവായി കാണാൻ കഴിയുന്ന ഒരു പ്രത്യേകത, ഈ മൂന്ന് കൂട്ടരും ഇത്തരമൊരു വീഡിയോ ഒരു പൊതു ഇടത്തിൽ എത്തിപ്പെട്ടാലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് അജ്ഞരായിരുന്നു എന്നതാണ്.



അതായത് ഇത്തരത്തിൽ ഒരു വീഡിയോ എടുത്തപ്പോഴോ അത് ഷെയർ ചെയ്തപ്പോഴോ വീഡിയോ വൈറൽ ആകുമെന്നോ തങ്ങളുടെ ജീവിതം തന്നെ മാറിമറിയുമെന്നോ ഈ പെൺകുട്ടികൾ ചിന്തിച്ചിട്ടുണ്ടാകില്ല. വിദ്യാഭ്യാസ നിലവാരത്തിലും സാക്ഷരതയിലും ദേശീയതലത്തിൽ തന്നെ മുന്നിട്ടു നിൽക്കുന്ന കേരളത്തിലാണോ ഇത് സംഭവിക്കുന്നതെന്നോർക്കുമ്പോൾ ഞെട്ടലുണ്ടാകും. എന്നാൽ ഒന്ന് ഇരുത്തി ചിന്തിച്ചാൽ 'ശരിയായ വിദ്യാഭ്യാസം' കിട്ടാത്തതിനാലാണ് ഈ കുഴപ്പങ്ങൾക്കു കാരണമെന്ന് തിരിച്ചറിയാൻ കഴിയും. ഒരു കുട്ടി വളർന്നു തുടങ്ങുമ്പോൾ മുതൽ മാതാപിതാക്കൾ അവന് അല്ലെങ്കിൽ അവൾക്ക് അറിവ് പകർന്നു കൊടുക്കുന്നു. എങ്ങനെ നടക്കണം, ഭക്ഷണം കഴിക്കണം, എന്ത് പറയണം, അപരിചിതർക്കൊപ്പം പോകരുത് തുടങ്ങി ജീവിതത്തിൽ വീണു പോകാതിരിക്കാനുള്ള എല്ലാ കരുതലും ലഭിച്ചാണ് ഓരോ കുട്ടിയും വളരുന്നത്. എന്നാൽ ചെറു പ്രായത്തിൽ തന്നെ കുട്ടികൾ മൊബൈലും ലാപ്ടോപ്പും ഉപയോഗിച്ച് തുടങ്ങുന്ന കാലമാണിത്. ഇവിടെ അവർ കാലിടറാതെ മുന്നോട്ടു പോകണമെങ്കിൽ സമൂഹമാധ്യമങ്ങളിൽ എങ്ങനെ പെരുമാറണം എന്ന അറിവും അവർക്ക് നൽകണം.

**എങ്ങനെ നടക്കണം, ഭക്ഷണം കഴിക്കണം, എന്ത് പറയണം, അപരിചിതർക്കൊപ്പം പോകരുത് തുടങ്ങി ജീവിതത്തിൽ വീണു പോകാതിരിക്കാനുള്ള എല്ലാ കരുതലും ലഭിച്ചാണ് ഓരോ കുട്ടിയും വളരുന്നത്. എന്നാൽ ചെറു പ്രായത്തിൽ തന്നെ കുട്ടികൾ മൊബൈലും ലാപ്ടോപ്പും ഉപയോഗിച്ച് തുടങ്ങുന്ന കാലമാണിത്**



## ഷെയർ ചെയ്താൽ കൈവിട്ടു പോകും

സ്വന്തം സ്മാർട് ഫോണിലെ



സ്വകാര്യ ചിത്രങ്ങളും വീഡിയോയും അടുത്ത സുഹൃത്തുക്കൾക്ക് പോലും കൈമാറരുതെന്നാണ് മുകളിൽ വിവരിച്ച അനുഭവങ്ങൾ പഠിപ്പിക്കുന്നത്. സ്വന്തം ഫോണിൽ നിന്ന് ഒരു വീഡിയോ ഷെയർ ചെയ്താൽ അതിനു മുകളിലുള്ള നിയന്ത്രണം നമുക്ക് അതോടെ നഷ്ടമാകുന്നു. അത് പിന്നീട് എവിടെയൊക്കെ എത്തിപ്പെടും, ആരൊക്കെ കാണും എന്നത് നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല. ഇക്കാര്യം കുട്ടികളെ പറഞ്ഞ് മനസ്സിലാക്കുകയാണ് ആദ്യം വേണ്ടത്. വാട്സ്ആപ്പ് ഗ്രൂപ്പുകളിലും ഫെയ്സ്ബുക്ക് പേജിലും അഭിപ്രായങ്ങൾ എഴുതും മുൻപ് രണ്ടു വട്ടം ചിന്തിക്കണമെന്നു കൂടി അവരെ ഓർമ്മപ്പെടുത്താം. എഴുതിയ കാര്യങ്ങൾ നമുക്ക് പിന്നീട് സൗകര്യം പോലെ ഡിലീറ്റ് ചെയ്യാമെങ്കിലും അത് ഡിലീറ്റ് ആയി പോകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മൾ ഡിലീറ്റ് ചെയ്ത നമ്മുടെ വാക്കുകളും ചിത്രങ്ങളും എത്രയോ പേർ അതിനു മുൻപേ സേവ് ചെയ്ത് വച്ചിട്ടുണ്ടാകും. അവർ പിന്നീടത് പ്രചരിപ്പിക്കുന്നത് തടയാൻ കഴിയില്ല. പ്രചരിപ്പിക്കപ്പെടുന്നതോ എല്ലായ്പ്പോഴും അത് എഴുതിയ അല്ലെങ്കിൽ പോസ്റ്റ് ചെയ്ത വ്യക്തിയുടെ പേരിലായിരിക്കും താനും. സോഷ്യൽമീഡിയയിലെ വലിയ ചതിക്കുഴിയാണിത്. ഒരിക്കൽ പറഞ്ഞത് തിരുത്തിയാലും മാപ്പു പറഞ്ഞാലും പഴയ ചരിത്രം തിരിഞ്ഞുകൊത്തി കൊണ്ടിരിക്കും. കുട്ടി സ്മാർട് ഫോൺ ഉപയോഗിച്ചു തുടങ്ങുന്ന കാലത്തു തന്നെ ഈ അപകടത്തെ പറ്റി അവരെ പറഞ്ഞു ബോധ്യപ്പെടുത്തേണ്ടത് ഓരോ രക്ഷിതാവിന്റേയും ചുമതലയാണ്.

## ലൈക്കല്ല ജീവിതം

ഒരു കാലത്ത് ക്യാമറയിൽ പകർത്തിയ ചിത്രങ്ങൾ കാലങ്ങളെ കൂട്ടി യോജിപ്പിച്ചിരുന്ന കണ്ണികളായിരുന്നു. ഒരുപാട് ഓർമ്മകളുടെ നേർസാക്ഷ്യമായി അവ ചുമരുകളിൽ തൂങ്ങിക്കിടന്നു. എന്നാൽ ഇന്ന് വിശേഷാവസരങ്ങളിലും യാത്രകളിലും സെൽഫിയെടുക്കുന്നത് സോഷ്യൽമീഡിയയിലൂടെ അത് ലോകത്തിന് മുന്നിലെത്തിക്കാനാണ്. അവിടെ കിട്ടുന്ന ലൈക്കിന്റേയും ഷെയറിന്റേയും എണ്ണമാണ് ആ ചിത്രത്തിന്റെ സ്വീകാര്യതയുടെ അളവുകോൽ. കയ്യിൽ സ്മാർട് ഫോണും ദിവസം മുഴുവനും ഇന്റർനെറ്റും ലഭിച്ചു തുടങ്ങിയതോടെ യുവതലമുറ, പ്രത്യേകിച്ചും കൗമാരക്കാർ സോഷ്യൽമീഡിയയിൽ തന്റേതായ ഒരു ഇടം സൃഷ്ടിക്കാനുള്ള ബദ്ധപ്പാടിലാണ്. എന്തു ചെയ്തും വ്യത്യസ്തത കൊണ്ടു വരിക എന്നതാണ് അവരുടെ ലക്ഷ്യം. അതിനു വേണ്ടി എന്ത് സാഹസത്തിനും അവർ മുതിരുന്നു എന്നത് അപകടകരമായ ഒരു പ്രവണതയാണ്. ഓടുന്ന വാഹനങ്ങൾക്ക് മുന്നിൽ ചാടി സെൽഫിയും വീഡിയോയും എടുക്കുമ്പോൾ നഷ്ടമാകുന്നത് സ്വന്തം ജീവനാണെന്ന തിരിച്ചറിവ് അവർക്കില്ലാതെ പോകുന്നു. സോഷ്യൽ മീഡിയയിലെ ലൈക്കുകൾക്ക് വേണ്ടി ഹോമിക്കാനുള്ളതല്ല ജീവിതം എന്ന് മക്കളെ പറഞ്ഞ് മനസ്സിലാക്കാൻ രക്ഷിതാക്കൾക്ക് കഴിയണം.

**സ്വന്തം ഫോണിൽ നിന്ന് ഒരു വീഡിയോ ഷെയർ ചെയ്താൽ അതിനു മുകളിലുള്ള നിയന്ത്രണം നമുക്ക് അതോടെ നഷ്ടമാകുന്നു. അത് പിന്നീട് എവിടെയൊക്കെ എത്തിപ്പെടും, ആരൊക്കെ കാണും എന്നത് നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല. ഇക്കാര്യം കുട്ടികളെ പറഞ്ഞ് മനസ്സിലാക്കുകയാണ് ആദ്യം വേണ്ടത്. വാട്സ്ആപ്പ് ഗ്രൂപ്പുകളിലും ഫെയ്സ്ബുക്ക് പേജിലും അഭിപ്രായങ്ങൾ എഴുതും മുൻപ് രണ്ടു വട്ടം ചിന്തിക്കണമെന്നു കൂടി അവരെ ഓർമ്മപ്പെടുത്താം.**

യഥാർത്ഥ ജീവിതത്തിലെ ചെറിയ നൻമകൾ പോലും ഈ ലൈക്കുകളേക്കാൾ സന്തോഷം നൽകും എന്നും അവർ തിരിച്ചറിയണം.

## ചലഞ്ചുകൾ ഓൺലൈനാകുമ്പോൾ

കുട്ടികൾ ചീത്തകൂട്ടുകെട്ടിൽ ചെന്നു ചാടുമോ എന്നായിരുന്നു പഴയ തലമുറയിലെ രക്ഷിതാക്കളുടെ ആശങ്ക. എന്നാൽ ഇന്ന് ആ സ്ഥാനം ഓൺലൈൻ ഗെയിമുകൾ ഏറ്റെടുത്തിരിക്കുകയാണ്. ബ്ലൂ വെയിൽ പോലുള്ള ഗെയിമുകളും കുട്ടികളെ വിഷാദത്തിലേയ്ക്കും ആത്മഹത്യയിലേയ്ക്കും തള്ളിവിടുന്ന ഗ്രൂപ്പുകളും സോഷ്യൽ മീഡിയയിൽ സജീവമാണ്. ഇത്തരം ഗ്രൂപ്പുകളിലോ ഗെയിമിലോ പങ്കെടുത്ത് അതിലെ ചലഞ്ചുകൾ കുട്ടികൾ ഏറ്റെടുക്കുകയും ഒടുവിൽ അത് മരണത്തിൽ കലാശിക്കുകയും ചെയ്യുന്നു. മരണത്തെ മഹത്വവൽക്കരിക്കുന്ന ഇത്തരം ഗ്രൂപ്പുകളിൽ കുട്ടി എത്തിപ്പെടുന്നതോടെ ജീവിതത്തോടുള്ള അവരുടെ കാഴ്ച്ചപ്പാട് തന്നെ മാറി പോകും. കുട്ടി ഇത്തരം അപകടങ്ങളിൽ ചെന്നു ചാടിയിട്ടുണ്ടോ എന്ന് നിരീക്ഷിക്കാൻ ഓരോ രക്ഷിതാവും ശ്രദ്ധിക്കണം. കുട്ടികൾ ഓൺലൈനിൽ കൂടുതൽ സമയം ചെലവിടുന്നുണ്ടോ അവരുടെ പെരുമാറ്റത്തിൽ അസ്വഭാവികതയുണ്ടോ എന്നൊക്കെ ശ്രദ്ധിക്കാം. കുട്ടികൾ മുൻപില്ലാത്ത വിധം ദേഷ്യം പ്രകടിപ്പിക്കുക, അപകടകരമായ സാഹ

സികതകൾ ഏറ്റെടുക്കുക എന്നിവയും നിരീക്ഷിക്കേണ്ടതാണ്. കുട്ടിയുടെ ഇന്റർനെറ്റ് ഉപയോഗത്തിന്റെ വിവരങ്ങൾ ഇടയ്ക്കെങ്കിലും പരിശോധിക്കുന്നത് നല്ലതാണ്. പതിവായി സന്ദർശിക്കാറുള്ള സൈറ്റുകൾ, സുഹൃത്തുക്കൾ എന്നിവയെ കുറിച്ച് രക്ഷിതാവിന് കൃത്യമായ ധാരണയുണ്ടാകണം.



## കുറ്റപ്പെടുത്തരുത്; കൂടെ നിൽക്കണം

ആദ്യം വിവരിച്ച സംഭവങ്ങളിലേതു പോലെ കുട്ടിയുടെ ഏതെങ്കിലും വീഡിയോ സോഷ്യൽമീഡിയയിൽ പ്രചരിപ്പിക്കപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ഒരിക്കലും എടുത്തുചാടി അവരെ കുറ്റപ്പെടുത്തരുത്. ആകെ ഒറ്റപ്പെട്ട അവസ്ഥയിൽ നിൽക്കുന്ന കുട്ടി ജീവനൊടുക്കുന്നതിനെ കുറിച്ചു പോലും ചിന്തിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമായിരിക്കാം അത്. ആ സന്ദർഭത്തിൽ രക്ഷിതാക്കൾ കൂടി കൈവിട്ടാൽ പിന്നീട് ജീവിതത്തെ കുറിച്ച് അവർക്കൊരു തരിമ്പും പ്രതീക്ഷ ബാക്കിയുണ്ടാകില്ല. അതിനാൽ ലോകം മുഴുവൻ കുറ്റപ്പെടുത്തിയാലും ഞങ്ങൾ നിനക്കൊപ്പം ഉണ്ടാകും എന്നൊരു ചിന്തയാണ് ആ നിമിഷം അവരുടെ മനസ്സിലേയ്ക്ക് കൊണ്ടു വരേണ്ടത്. ഈ സംഭവം നടക്കുമ്പോൾ കുട്ടി നിങ്ങളുടെ അരികിൽ ഇല്ലെങ്കിൽ സുരക്ഷിതരായി അവരെ വീട്ടിൽ തിരികെ എത്തിക്കണം. ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും ഇത്തരം പ്രതിസന്ധിഘട്ടങ്ങൾ ഉടലെടുക്കാമെന്നും അതിനെ അഭിമുഖീകരിച്ചേ മതിയാകൂ എന്നും അവരെ പറഞ്ഞ് ബോധ്യപ്പെടുത്തണം. സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കപ്പെട്ടതിനാൽ സമൂഹത്തെ എങ്ങനെ അഭിമുഖീകരിക്കും എന്നതു തന്നെയാകും അവരുടെ പ്രധാന പ്രശ്നം. ഒരു കൗൺസിലിങ് വിദഗ്ധന്റെ സഹായത്തോടെ അവരെ തിരികെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാനാണ് ശ്രമിക്കേണ്ടത്. ഒപ്പം അവരുടെ ഭാഗത്തു നിന്നുണ്ടായ പിഴവിന്റെ ആഴം അവരെ ബോധ്യപ്പെടുത്താനും കഴിയണം. സമൂഹമാധ്യമങ്ങളിൽ വിവേകപൂർവം പെരുമാറാനും ആത്മവിശ്വാസത്തോടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും കെൽപ്പുള്ളവരാക്കി പുതിയ തലമുറയെ വളർത്തിയെടുക്കാൻ ഓരോ രക്ഷിതാവിനും കഴിയട്ടെ.

> കുട്ടിയുടെ ഏതെങ്കിലും വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ഒരിക്കലും എടുത്തുചാടി അവരെ കുറ്റപ്പെടുത്തരുത്. ആകെ ഒറ്റപ്പെട്ട അവസ്ഥയിൽ നിൽക്കുന്ന കുട്ടി ജീവനൊടുക്കുന്നതിനെ കുറിച്ചു പോലും ചിന്തിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമായിരിക്കാം അത്. ആ സന്ദർഭത്തിൽ രക്ഷിതാക്കൾ കൂടി കൈവിട്ടാൽ പിന്നീട് ജീവിതത്തെ കുറിച്ച് അവർക്കൊരു തരിമ്പും പ്രതീക്ഷ ബാക്കിയുണ്ടാകില്ല

## രക്ഷിതാക്കളുടെ ശ്രദ്ധക്ക്*

- നിങ്ങളുടെ സോഷ്യൽമീഡിയ അക്കൗണ്ടുകളുടെ പാസ് വേഡ് ഒരിക്കലും കുട്ടികൾക്ക് നൽകരുത്. സമൂഹമാധ്യമങ്ങളിൽ സജീവമല്ലാത്ത അച്ഛനമ്മമാരുടെ അക്കൗണ്ടുകൾ കുട്ടികൾ മാനേജ് ചെയ്യുന്നതായി കാണാറുണ്ട്. ആ അക്കൗണ്ടിലൂടെ അവർ എന്തു പോസ്റ്റ് ചെയ്താലും അത് നിങ്ങളുടെ പേരിലാണ് ലോകം വായിക്കുക എന്ന് ഓർക്കുക.
- വീട്ടിലെ സ്വകാര്യ നിമിഷങ്ങളോ തമാശയ്ക്ക് പകർത്തിയ വീഡിയോകളോ വാട്ട്സ്ആപ്പ് ഗ്രൂപ്പിലോ സുഹൃത്തുക്കൾക്കോ ഷെയർ ചെയ്യരുതെന്ന് കുട്ടികളോട് നിർദേശിക്കുക. ഷെയർ ചെയ്താൽ പിന്നീടത് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത് തടയാൻ നിങ്ങളെ കൊണ്ട് കഴിയില്ല.
- സോഷ്യൽമീഡിയയിൽ എത്തിപ്പെട്ടാൽ അപകടമാകുമെന്ന് ഉറപ്പുള്ള സ്വകാര്യരംഗങ്ങളോ സംഭാഷണങ്ങളോ ഫോണിൽ സൂക്ഷിക്കാതിരിക്കുക.
- ഏറ്റവും അടുത്ത സുഹൃത്തിന് പോലും സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പാസ് വേഡ് നൽകരുതെന്ന് കുട്ടികളെ വിലക്കാം. കൗമാരപ്രായത്തിൽ പ്രണയബന്ധങ്ങളിൽ അകപ്പെടുന്ന കുട്ടികൾ പരസ്പരം പാസ് വേഡുകൾ കൈമാറുകയും പിന്നീടത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്ത വാർത്തകൾ പത്രങ്ങളിൽ കാണാം.
- ദേഷ്യപ്രകടനം സോഷ്യൽമീഡിയയിലൂടെ വേണ്ടന്ന് കുട്ടിയോട് പറയാം. നേരിട്ട് പറഞ്ഞ വാക്കുകൾ പിൻവലിക്കുകയോ തിരുത്തുകയോ ചെയ്യാമെങ്കിലും സോഷ്യൽ മീഡിയയിൽ പ്രചരിച്ചാൽ മായ്ച്ചു കളയാൻ സാധ്യമല്ല. മറ്റാരെങ്കിലുമൊക്കെ ആ വാക്കുകൾ ഏറ്റെടുത്ത് പ്രചരിപ്പിച്ചെന്നിരിക്കാം. ■